**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1667** **08-12-2022 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി നിയോജക മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേയുടെ പുരോഗതി അറിയിക്കുമോ; | (എ) | ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മാനന്തവാടി നിയോജകമണ്ഡലത്തിലെ പേര്യ, വാളാട്, തൃശ്ശിലേരി, മാനന്തവാടി, കാഞ്ഞിരങ്ങാട്, നല്ലൂർനാട് എന്നീ ആറ് വില്ലേജുകളെ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ടി വില്ലേജുകൾ ഉൾപ്പെടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 200 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ആദ്യഘട്ട സർവ്വെ 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിലാണ് ആദ്യഘട്ടത്തിൽ പ്രസ്തുത സർവ്വേ നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മാനന്തവാടി നിയോജകമണ്ഡലത്തിലെ പേര്യ, വാളാട്, തൃശ്ശിലേരി, മാനന്തവാടി, കാഞ്ഞിരങ്ങാട്, നല്ലൂർനാട് എന്നീ ആറ് വില്ലേജുകളെ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ടി വില്ലേജുകൾ ഉൾപ്പെടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 200 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ആദ്യഘട്ട സർവ്വെ 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ആദ്യഘട്ട ഡിജിറ്റൽ സർവ്വേ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് അറിയിക്കാമോ? | (സി) | 2022 നവംബർ മാസം ഒന്നാം തീയതി സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ ലാൻഡ് സർവ്വെ പദ്ധതിയ്ക്കായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 200 വില്ലേജുകളുടെ സർവ്വെ നടപടികൾ 6 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. എല്ലാ 6 മാസത്തിലും 200 വീതം വില്ലേജുകളിൽ സർവ്വെ പൂർത്തീകരിച്ച് 4 വർഷം കൊണ്ട് 1550 വില്ലേജുകളിൽ ഡിജിറ്റൽ സർവ്വെ നടപടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ